വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ അധികാരി &
സാമൂഹ്യനീതി വകുപ്പ് ജോയിന്റ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: സുഭാഷ് കുമാർ കെ.വി )

ഉത്തരവ് നം.SJD/977/2023-D1

തിരുവനന്തപുരം,
തീയതി. 01-03-2023

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005- പ്രകാരമുള്ള അപ്പീൽ അപേക്ഷ - മറുപടി നൽകി തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. ശ്രീ.ഉനൈസ് ടി, ഉനൈസ മൻസിൽ, കീച്ചേരി പി.ഒ, കീച്ചേരി യുടെ 13.01.22 തീയതിയിലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ
2. ഈ കാര്യാലയത്തിലെ SJD/5089/2022-D1 നം.കത്ത് തീയതി 20.01.2023
3. ശ്രീ.ഉനൈസ് ടി, ഉനൈസ മൻസിൽ, കീച്ചേരി പി.ഒ, കീച്ചേരി യുടെ അപ്പീൽ അപേക്ഷ തീയതി 20.01.2023

പരാമർശം 1 പ്രകാരം താങ്കൾ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ ചോദ്യം നം.2 പ്രകാരം പ്ലസ് ടു വിന് ശേഷമുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് വിജയാമൃതം ആനുകൂല്യം ലഭിക്കുമോ എന്ന ചോദ്യം ഉന്നയിച്ചിരുന്നു. അതിൻമേൽ കൃത്യമായ മറുപടിയൊന്നും തന്നെ നൽകിയിട്ടില്ലെന്ന് ആക്ഷേപമുന്നയിച്ചു കൊണ്ടുള്ള താങ്കളുടെ അപ്പീൽ അപേക്ഷ പരാമർശം 3 പ്രകാരം 24.02.2023 തീയതിയിൽ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

പരാമർശം 1 പ്രകാരമുള്ള താങ്കളുടെ അപേക്ഷയിലെ ചോദ്യം. നം. 2 നുള്ള മറുപടിയായി 'പ്ലസ് ടു കഴിഞ്ഞുള്ള ഡിഗ്രി/തത്തുല്യ കോഴ്സുകൾ, PG/പ്രൊഫഷണൽ കോഴ്സുകൾ എന്നീ വിഭാഗങ്ങളിൽ സർക്കാർ/സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ/കോളേജുകൾ/മറ്റു അംഗീകൃത സ്ഥാപനങ്ങൾ (പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്ന് ഉന്നതവിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അവാർഡ് ലഭിക്കും' എന്ന് വിശദമായി മറുപടി നൽകിയതായി കാണുന്നു. കൂടാതെ താങ്കളുടെ ചോദ്യം.നം.3 പ്രകാരമുള്ള വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമല്ലാത്തതിനാൽ താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി സെക്ഷൻ 6 (3) പ്രകാരം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് കൈമാറിയിട്ടുള്ളതും മേൽ വിവരം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ താങ്കളെ അറിയിച്ചിട്ടുള്ളതുമാണ്. താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ മേൽ SPIO മാർ ലഭ്യമാക്കിയിട്ടുള്ളതിനാൽ പരാമർശം 3 പ്രകാരമുള്ള അപ്പീൽ അപേക്ഷ ഇന്നേ ദിവസം തീർപ്പ് കൽപ്പിച്ച് ഉത്തരവാകുന്നു.

I/83956/2023

പ്രസ്തുത മറുപടിയിൽ താങ്കൾ തൃപ്തനല്ലായെങ്കിൽ താഴെ പരാമർശിച്ചിട്ടുള്ള അപ്പീൽ അധികാരിയ്ക്ക് അപ്പീൽ നൽകാവുന്നതാണ്.

അപ്പീൽ അധികാരി &
സംസ്ഥാന വിവരാവകാശ കമ്മീഷണർ,
പുന്നൻ റോഡ്, തിരുവനന്തപുരം -695 039

(ഒപ്പ്)
SUBHASH KUMAR KV
ജോയിന്റ് ഡയറക്ടർ &
ഒന്നാം അപ്പീൽ അധികാരി
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, 5 ാാം നില
തിരുവനന്തപുരം

ശ്രീ.ഉനൈസ്.ടി
ഉനൈസ മൻസിൽ,
കീച്ചേരി പി.ഒ, കീച്ചേരി